# നീര പ്ലാന്റ് പ്രവർത്തനം തുടങ്ങി



ആലുവയിലെ സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ സ്ഥാപിച്ച നീര പൈലറ്റ് പ്ലാന്റിന്റെ ഉദ്ഘാടനം നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് നിർവഹിക്കുന്നു

**കൊച്ചി:** ആലുവയ്ക്ക് സമീപം വാഴക്കുളത്ത് സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നാളികേര വികസന ബോർഡ് സ്ഥാപിച്ച നീര പൈലറ്റ് പ്ലാന്റ് പ്രവർത്തനം തുടങ്ങി. നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് ഉദ്ഘാടനം നിർവഹിച്ചു.

കേരോത്പാദക സംഘങ്ങൾക്കും ഫെഡറേഷനുകൾക്കും കമ്പനികൾക്കും നീരയുടെ സംസ്കരണം സംബന്ധിച്ച് സാങ്കേതിക വിദ്യകൾ വിശദീകരിച്ചു നൽകുന്ന 500 ലിറ്റർ ശേഷിയുള്ള പൈലറ്റ് പ്ലാന്റാണ് കമ്മീഷൻ ചെയ്തിരിക്കുന്നത്. രണ്ടു ഷിഫ്റ്റിലായിരിക്കും ഇതിന്റെ പ്രവർത്തനം. സംസ്കരിക്കുന്ന നീരയുടെ 40 ശതമാനം മൂല്യവർധിത ഉത്പന്നങ്ങളായിരിക്കും.

പ്രതിദിനം 10,000 ലിറ്റർ സംസ്കരണ ശേഷിയുള്ള 12 കമ്പനികളിൽ നിന്നായി കുറഞ്ഞത് 10 ലക്ഷം ബോട്ടിൽ നീര വൈകാതെ വിപണിയിലെത്തിക്കാനാവുമെന്ന് ടി.കെ. ജോസ് വെളിപ്പെടുത്തി. 25 രൂപ നിരക്കിൽ നീരയുടെ 200 മില്ലി ബോട്ടിൽ വിപണിയിൽ എത്തിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പ്രതിദിനം ഉത്പാദിപ്പിക്കുന്നതിൽ 25 ശതമാനം നീരയ്ക്ക് ഡൽഹി, മുംബൈ, ബാംഗ്ലൂർ, ചെന്നൈ തുടങ്ങിയ നഗരങ്ങളിൽ വിപണി കണ്ടെത്തും. പാലക്കാട്ടെയും കണ്ണൂരിലെയും കമ്പനികളിൽ നീരയുടെ ഉത്പാദനം തുടങ്ങിയിട്ടുണ്ട്.

ലിറ്ററിന് 20 ഡോളർ നിരക്കിൽ സിയാൽ എയർപോർട്ടിലെ ഡ്യൂട്ടി ഫ്രീ ഷോപ്പിൽ നീര ലഭ്യമാക്കും. മൂല്യവർധിത ഉത്പന്നങ്ങളായ ജാഗറി, ഹണി, ബ്രെഡ് സ്പ്രെഡ്, ബിസ്കറ്റ്, ചോക്കലേറ്റ്, സ്പൈസി ജാഗറി എന്നിവ നിർമിക്കുന്നതിനായി ആറു ദിവസത്തെ പരിശീലന പരിപാടി ജൂൺ ആദ്യവാരം ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

യോഗത്തിൽ മുഖ്യ നാളികേര വികസന അധികാരി സുഗത ഘോഷ്, ഡയറക്ടർമാരായ കെ. മുരളീധരൻ, ടി.ഐ. മാത്തുക്കുട്ടി, സിഐടിയുടെ ചുമതല വഹിക്കുന്ന പ്രോസസിങ് എൻജിനീയർ ശ്രീകുമാർ പൊതുവാൾ എന്നിവർ സംസാരിച്ചു.